## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 581** **30.06.2016-ൽ മറുപടിക്ക്**

### സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് : | | ശ്രീ. മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ എത്ര കുടിവെള്ള പദ്ധതികളുടെ പണികൾ നടന്നു വരുന്നു; അവ ഏതെല്ലാം; | എ | സംസ്ഥാനത്ത് കേരള ജലഅതോറിറ്റിയുടെ കീഴിൽ നിലവിൽ 213 വൻകിട കുടിവെള്ള പദ്ധതികളുടെ പണികൾ നടന്നു വരുന്നു. ഇവയുടെ വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഇതിനു പുറമെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെയും കേരള തീരദേശ വിതരണ കോർപ്പറേഷന്റേയും ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വിതരണ ശൃംഖല ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള ചെറുകിട പദ്ധതികളും പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലേയ്ക്കുള്ള ചെറുകിട പദ്ധതികളും എം.എൽ.എ/എം.പി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ചെറുകിട പദ്ധതികളും, പഴകിയതും കേടായതുമായ വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| ബി | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് എത്ര പദ്ധതികളുടെ പണി ആരംഭിക്കാനുണ്ട്; അവ ഏതെല്ലാം; | ബി | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികളിൽ പണി ആരംഭിക്കാനുള്ള 37 വൻകിട പദ്ധതികൾ നിലവിലുണ്ട്. അവയുടെ വിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | കഴിഞ്ഞ 5 വർഷക്കാലം എൻ.ആർ.ഡി.ഡബ്ല്യ.പി യുടെ കീഴിൽ എത്ര തുകയ്ക്കുള്ള കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | സി | മറുപടി അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |
| ഡി | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നബാർഡിന്റെ സഹായത്തോടെ എത്ര തുകയ്ക്കുള്ള കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | ഡി | മറുപടി അനുബന്ധം-4 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**